10-01-2022

MONDAY തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 10/01/2022

1. കഴക്കൂട്ടം കൃഷിഭവൻ പരിധിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം വാർഡുകളിലെ തെങ്ങുകളുടെ സമഗ്ര രോഗ കീട നിയന്ത്രണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് **കേരഗ്രാമം പദ്ധതി** നടപ്പിലാക്കുന്നു. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തെങ്ങിന്റെ തടം തുറന്ന് ജൈവവളം പ്രയോഗിക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ സേന രൂപീകരിക്കുന്നു. ആയതിലേക്ക് കൃഷിപ്പണികൾ കരാർ വ്യവസ്ഥയിൽ ചെയ്യുവാൻ താൽപര്യമുള്ള സ്ത്രീപുരുഷന്മാർ കൃഷിഭവനുമായി **9847565015, 9745654760, 9020333414, 9961800826** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. ക്ഷീര വികസന വകുപ്പിന്റേയും പാമ്പാടി ക്ഷീര വികസനയൂണിറ്റിലെ ക്ഷീര സഹകരണ സംഘങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പാമ്പാടി ബ്ലോക്ക് ക്ഷീരകർഷകസംഗമവും ക്ഷീരവികസന വകുപ്പ് ധനസഹായത്തോടെ ളാക്കാട്ടൂർ ക്ഷീര സംഘം നിർമ്മിച്ച ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ ഉദ്ഘാടനവും ഇന്ന് (ജനുവരി 10നു) ളാക്കാട്ടൂർ ക്ഷീര സംഘത്തിന്റെ നേതൃത്വത്തിൽ കൂരോപ്പട ഗ്രാമപ്പഞ്ചായത്ത് തൊഴിൽ പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. എം എൽ എ. ഉമ്മൻ ചാണ്ടി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ ഉത്ഘാടനവും, എം പി തോമസ് ചാഴിക്കാടൻ മുഖ്യ പ്രഭാഷണവും നടത്തും. കന്നുകാലി പ്രദർശന മത്സരം, ഗവ്യജാലകം, പൊതുസമ്മേളനം, ക്ഷീര വികസന സെമിനാർ തുടങ്ങിയ വിവിധ പരിപാടികൾ ക്ഷീരകർഷക സംഗമത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്നു.

3. നെല്ലിനെ ആക്രമിക്കുന്ന **തണ്ടുതുരപ്പൻ, ഓലചുരുട്ടി** എന്നീ കീടങ്ങളുടെ ജൈവീക നിയന്ത്രണത്തിന് ഉപയോഗിക്കുന്ന **ട്രൈക്കോഗ്രാമ മുട്ടക്കാർഡുകൾ** ആലപ്പുഴ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ മുഖേന ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കർഷകർ **8089638349** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു

വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

5. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി 31**-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 27 മുതൽ 29 വരെ **കന്നുകാലികളുടെ പ്രത്യുൽപ്പാദന പരിപാലനം - വരുമാന വർദ്ധനവിനു അനിവാര്യ ചുവടുവെയ്പ്** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0494-2686329, 9494-2687640** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17, 18 തീയതികളിൽ ആട് വളർത്തൽ, 24,25 തീയതികളിൽ പശുവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

8. ദൈനംദിന അന്തരീക്ഷ ഊഷ്മാവ് വർധിച്ചു വരുന്ന സാഹചര്യത്തിൽ നീരൂറ്റി കുടിക്കുന്ന പ്രാണികളായ മൂഞ്ഞ, വെള്ളീച്ച, ഇലത്തുള്ളൻ തുടങ്ങിയവയുടെ ആക്രമണം രൂക്ഷമാകാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ വേപ്പധിഷ്ഠിത കീടനാശിനിയായ **കെ വി കെ രക്ഷ 6 ഗ്രാം** ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കാവുന്നതാണ്. അല്ലെങ്കിൽ **ലക്കാനിസീലിയം ലക്കാനി** 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. മരുന്ന് തളിക്കുമ്പോൾ വെയിൽ താഴ്ന്നു നിൽക്കുന്ന സമയങ്ങളിൽ ഇലയുടെ ഇരു വശങ്ങളിലുമായി തളിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9. പാഴയിൽ നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങിയവ വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക. ഡൈമെത്തോയേറ്റ് (30 ഇസി ) 1.5 മില്ലി ഒരു ലിറ്റർ എന്ന കണക്കിൽ തളിച്ചു കൊടുക്കാം. അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസൽഫാൻ (6G) 20 ഗ്രാം ചേർത്ത് കൊടുക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം